പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1833 **26-10-2026-ൽ മറുപടിയ്ക്ക്**

ലോക കേരളസഭ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. എ. കെ. എം. അഷ്റഫ്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

(എ) മുൻ സർക്കാരിന്റെ 2016-21, 2021-26 കാലയളവിൽ വൻതുക ചെലവഴിച്ച് സംഘടിപ്പിച്ച ലോക കേരളസഭ പ്രവാസികൾക്ക് യാതൊരുവിധ പ്രയോജനവും ഉണ്ടാക്കിയില്ലെന്ന വികാരം പ്രവാസി സമൂഹത്തിൽ ശക്തമായി നിലനിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ലോക കേരള സഭയുടെ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിച്ചിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) പ്രസ്തുത സമ്മേളനങ്ങൾക്കായി പൊതുഖജനാവിൽനിന്നും നോർക്ക മുഖേനയും ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ;ഈ പരിപാടികളിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ചും അനാവശ്യ ധൂർത്തിനെക്കുറിച്ചും അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

മറുപടി: ലോക കേരള സഭ സമ്മേളനങ്ങൾ സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് സർക്കാർ അനുവദിച്ച തുകയിൽ നിന്നും ചെലവഴിച്ച തുക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സമ്മേളനം	സമ്മേളനങ്ങൾ നടത്തുന്നതിന് സർക്കാർ ഫണ്ടിൽ നിന്നും ചെലവഴിച്ച തുക
ഒന്നാം സമ്മേളനം	2,03,21,861/-
രണ്ടാം സമ്മേളനം	1,21,68,733/-
മൂന്നാം സമ്മേളനം	1,14,49,533/-
നാലാം സമ്മേളനം	37,86,691/-
അഞ്ചാം സമ്മേളനം	47,76,467/-

സമ്മേളനങ്ങൾ സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ലോക കേരളസഭയുടെ തുടർനടപടികൾ അവസാനിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>മറുപടി:</u> ലോക കേരള സഭയുടെ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിച്ചിട്ടില്ലെന്നും, പ്രവാസികളുമായി കൂടുതൽ സ്ഥിരമായി ഇടപഴകുന്നതിന് മെച്ചപ്പെട്ടതും തുടർച്ചയായതും ഘടനാപരവുമായ ഒരു വേദിയും സംവിധാനവും ആവശ്യമാണെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, 24/09/2026 തീയതിയിലെ സ.ഉ.(കൈ) നം.4/2026/NORKA പ്രകാരം ലോക കേരള സഭ പിരിച്ചുവിട്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ